ജെയ്നമ്മയുടെ കൊലപാതകം

ശശികലയുടെ വെളിപ്പെടുത്തൽ വെല്ലുവിളി

കോട്ടയം: അതിരമ്പുഴ സ്വദേശിനി ജെയ്നമ്മയുടെ കൊലപാതകത്തിൽ മാത്രമല്ല, കാണാതായ ചേർത്തല സ്വദേശിനി ബിന്ദു പദ്മനാഭന്റേതുൾപ്പെടെയുള്ള തിരോധാനത്തിലും പള്ളിപ്പുറം ചൊങ്ങുംതറയിൽ സി.എം. സെബാസ്റ്റ്യനു പങ്കുള്ളതായ വെളിപ്പെടുത്തലുകൾ ക്രൈം ബ്രാഞ്ചിന് വെല്ലുവിളിയായി.

സ്ഥലവും നിക്ഷേപവും ഉൾപ്പെടെ മൂന്നു കോടി രൂപയുടെ ആസ്തിയുണ്ടായിരുന്ന ബിന്ദുവിനെ സ്ഥലക്കച്ചവട ബ്രോക്കറായിരിക്കെ സെബാസ്റ്റ്യൻ കൊല ചെയ്ത് സ്വത്ത് കൈക്കലാക്കിയെന്നും പോലീസിലെ ഉന്നതർക്ക് പണം കൊടുത്ത് അന്വേഷണം ഒഴിവാക്കിയെന്നുമുള്ള സഹോദരന്റെ ആരോപണം ശരിവയ്ക്കുന്ന വെളിപ്പെടുത്തലാണ് സെബാസ്റ്റ്യന്റെ പഴയ സുഹൃത്ത് ശശികല കഴിഞ്ഞ ദിവസം നടത്തിയത്. 13 വർഷം മുമ്പുനടന്ന സംഭവത്തിൽ അക്കാലത്ത് ലോക്കൽ പോലീസിൽനിന്ന് കാര്യമായ അന്വേഷണമുണ്ടായില്ല. ബിന്ദുവിനെ കാണാനില്ലെന്ന സഹോദരന്റെ പരാതിയിൽ സെബാസ്റ്റ്യനെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തെങ്കിലും കേസ് തേഞ്ഞുമാഞ്ഞുപോയി.

ജെയ്നമ്മയുടെ കൊലപാതകത്തിൽ രണ്ടു തവണയായി 14 ദിവസം ജുഡീഷൽ കസ്റ്റഡിയിൽ ക്രൈം ബ്രാഞ്ച് ചോദ്യം ചെയ്തെങ്കിലും സെബാസ്റ്റ്യൻ ഒന്നും വെളിപ്പെടുത്താൻ തയാറായില്ല. ജെയ്നമ്മ ഉൾപ്പെടെ നാലു സ്ത്രീകളെ ക്വട്ടേഷൻ സംഘത്തെ വരുത്തി കൊലചെയ്ത് മൃതദേഹം മറവു ചെയ്തതായാണു സൂചന. ജെയ്നമ്മയെ കൊലപ്പെടുത്തി 11 പവൻ സ്വർണം കവർന്നത് സമ്മതിക്കുന്നുണ്ടെങ്കിലും മൃതദേഹം എവിടെ മറവു ചെയ്തുവെന്ന് പ്രതി ക്രൈം ബ്രാഞ്ച് സംഘത്തോടു പറയുന്നില്ല. നിലവിലെ സാഹചര്യത്തിൽ പ്രതിയെ ഇടവേളയില്ലാതെ മൂന്നാം തവണയും ജുഡീഷൽ കസ്റ്റഡിയിൽ വിട്ടുകിട്ടുക എളുപ്പമല്ല. ബിന്ദു, ഐഷ എന്നിവരുടെ തിരോധാനം അന്വേഷിക്കുന്ന ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് വീണ്ടും കസ്റ്റഡി അപേക്ഷ നൽകുമെന്നാണു സൂചന.

പോലീസ് അന്വേഷണം തുടങ്ങി

കോട്ടയം: ബിന്ദു പദ്മനാഭനെ സെബാസ്റ്റ്യൻ കൊലപ്പെടുത്തിയതാണെന്ന് സെബാസ്റ്റ്യന്റെ മുൻ സുഹൃത്ത് കടക്കരപ്പള്ളി സ്വദേശി ശശികല കഴിഞ്ഞ ദിവസം നടത്തിയ വെളിപ്പെടുത്തലിൽ പോലീസ് അന്വേഷണം തുടങ്ങി. സ്ഥലം ബ്രോക്കറായി ചേർത്തലയിലെത്തിയ സെബാസ്റ്റ്യന്റെ കൂട്ടാളി ഫ്രാങ്ക്ളിൻ, പൊന്നപ്പൻ എന്നിവരുടെ വെളിപ്പെടുത്തലുകളാണ് ശശികല പുറത്തുവിട്ടത്. ഈ സാഹചര്യത്തിൽ ഫ്രാങ്ക്ളിനെയും പൊന്നപ്പനെയും കണ്ടെത്താനാണ് പോലീസ് ശ്രമിക്കുന്നത്. ആലപ്പുഴ ക്രൈം ബ്രാഞ്ച് കഴിഞ്ഞ ദിവസം ശശികലയുടെ മൊഴിയെടുത്തിരുന്നു.

ബിന്ദു പദ്മനാഭൻ ജീവിച്ചിരിപ്പില്ലെന്നും അവരെ ''നേരത്തേ തന്നെ നല്ല ആൺപിള്ളേർ കൊന്നു കളഞ്ഞു'' എന്നും സെബാസ്റ്റ്യന്റെ കൂട്ടാളികൾ പറഞ്ഞതായാണ് ശശികലയുടെ വെളിപ്പെടുത്തൽ. 2013ൽ ബിന്ദുവിന്റെ തിരോധാനം വാർത്തയായ കാലത്താണ് ഈ സംഭാഷണം. വസ്തു ഇടനിലക്കാരനായ ഫ്രാങ്ക്ളിനും ബിന്ദുവുമായി അടുപ്പമുണ്ടായിരുന്നതായും പോലീസ് കണ്ടെത്തിയിട്ടുണ്ട്. പള്ളിപ്പുറത്തെ വീട്ടിലെ കുളിമുറിയിൽ വച്ചു തലയ്ക്കടിച്ചു ബിന്ദുവിനെ കൊലപ്പെടുത്തിയിട്ടുണ്ടാകാം എന്നാണ് ശശികല പറയുന്നത്.

താഴ്ചയിലേക്കു മറിഞ്ഞ കാറിൽ കുടുങ്ങിയ വീട്ടമ്മയ്ക്ക് ബൈക്ക് യാത്രികർ രക്ഷകരായി

വീട്ടമ്മ കാറിൽ കുടുങ്ങിക്കിടന്നത് ഒന്നരമണിക്കൂറിലേറെ

പിറവം: റോഡരികിലെ താഴ്ചയിലേക്ക് നിയന്ത്രണംവിട്ടു മറിഞ്ഞ കാറിൽ കുടുങ്ങിപ്പോയ വീട്ടമ്മയ്ക്ക് ബൈക്ക് യാത്രികർ രക്ഷകരായി. രാമമംഗലത്തിനടുത്ത് ഊരമന പാത്തിക്കൽ കാലിയങ്ങാട്ടിൽ ലിസി ചാക്കോ(70)യെയാണ് ഇതുവഴി ബൈക്കിൽ സഞ്ചരിച്ച വാട്ടർ അഥോറിറ്റി കരാറുകാരനും ജീവനക്കാരനും ചേർന്ന് രക്ഷപ്പെടുത്തിയത്. മറിഞ്ഞ കാറിൽ സാരമായി പരിക്കേറ്റ് ഒന്നര മണിക്കൂറിലേറെ കുടുങ്ങിപ്പോയ വീട്ടമ്മയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വെള്ളിയാഴ്ച രാവിലെ എട്ടരയോടെ ഊരമന അമ്പലംപടി -പാത്തിക്കൽ -ആഞ്ഞിലിച്ചുവട് റോഡിലായിരുന്നു അപകടം.

കുടിവെള്ള വിതരണ പൈപ്പിന്റെ ചോർച്ച പരിശോധിക്കാനായി ബൈക്കിൽ സഞ്ചരിക്കുകയായിരുന്നു കരാറുകാരനായ പിറവം പാഴൂർ സ്വദേശി കെ.ആർ. അശോക്കുമാറും, ജീവനക്കാരനായ രാജേഷ് കുമാറും. ഈ സമയത്താണ് റോഡിനു താഴെ കാടിനുള്ളിൽ കാറ് കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടത്. സംശയം തോന്നി പരിശോധിച്ചപ്പോഴാണ് വീട്ടമ്മ ഡ്രൈവിംഗ് സീറ്റിൽ കുടുങ്ങിക്കിടക്കുന്നതു കണ്ടത്. തുടർന്ന് സമീപത്തെ പാത്തിക്കൽ ജംഗ്ഷനിലെത്തി നാട്ടുകാരെ അറിയിച്ചു. എല്ലാവരും ചേർന്ന് വീട്ടമ്മയെ പുറത്തെടുക്കുകയുമായിരുന്നു. ഊരമന ഗലീല പള്ളിയിൽ പെരുന്നാളിനു പോയി വീട്ടിലേക്കു കാറോടിച്ച് മടങ്ങും വഴിയാണ് വീട്ടമ്മ അപകടത്തിൽപ്പെട്ടത്. അടുത്ത് വീടുകളില്ലാത്തതിനാൽ ആരും സംഭവമറിഞ്ഞിരുന്നില്ല. തലയ്ക്കും കാലിനും വാരിയെല്ലിനുമെല്ലാം സാരമായി പരിക്കേറ്റ വീട്ടമ്മ കോലഞ്ചേരി മെഡിക്കൽ കോളജിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

പിറവത്ത് ഊരമന അമ്പലംപടി -പാത്തിക്കൽ -ആഞ്ഞിലിച്ചുവട് റോഡിൽ താഴ്ചയിലേക്കു മറിഞ്ഞ കാർ.

ഇന്ത്യയുടെ 79-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിലെ ചെങ്കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സൈനികവിഭാഗങ്ങളുടെ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്നു.

സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി ചെയ്തത് കുറ്റകൃത്യം: തുഷാർ ഗാന്ധി

തിരുവനന്തപുരം: സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ ആർഎസ്എസ് പ്രചാരകന്റെ ഭാവം പ്രകടമാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളോട് ചെയ്തത് കുറ്റകൃത്യമാണെന്ന് ഗാന്ധിജിയുടെ പ്രപൗത്രൻ തുഷാർ ഗാന്ധി. കേരള വിദ്യാഭ്യാസ സമിതി സംഘടിപ്പിച്ച അശാസ്ത്രീയതയും അസഹിഷ്ണുതയും നിറഞ്ഞ ഇന്ത്യൻ വിദ്യാഭ്യാസരംഗം പ്രതിരോധമാതൃകകൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഈ സ്വാതന്ത്ര്യദിനം അപമാനത്തിന്റേതായിരുന്നു. 50 വർഷം വരെ സ്വാതന്ത്ര്യദിനത്തെ അംഗീകരിക്കാൻ തയാറാകാതിരുന്ന ആർഎസ്എസിന്റെ വിഷലിപ്തമായ ആശയങ്ങളാണ് മോദി ചെങ്കോട്ടയിൽ പ്രസംഗിച്ചത്. ഗാന്ധി ജയന്തി ദിനത്തിൽ നാഗ്പൂരിൽ ആർഎസ്എസ് ജനന്മശതാബ്ദി ആഘോഷിക്കുകയാണ്. ഇത് ചരിത്രപരമായ ഒരു സൂചനയായി കാണണം. മെല്ലെയാണെങ്കിലും രാജ്യം വ്യക്തമായ ഏകാധിപത്യത്തിലേക്കു നീങ്ങുന്നതിന്റെ ദൃഷ്ടാന്തമാണത്. ബീഹാറിൽ നടന്നത് തെരഞ്ഞെടുപ്പ് ഗൂഢാലോചനയാണ്. ഇതിനു വേണ്ടി തെഞ്ഞെടുപ്പ് കമ്മീഷനെ ബിജെപി തങ്ങളുടെ ഏജന്റായി ഉപയോഗിക്കുകയാണ് ചെയ്തത്. രാജ്യം മുഴുവൻ സിഎഎ, എൻആർസി എന്നീ നിയമങ്ങൾ നടപ്പാക്കാനുള്ള നീക്കമാണിത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ നിന്ന് ബിജെപിക്ക് ഒരു സീറ്റ് കിട്ടി എന്നത് രാജ്യത്തെയാകെ ഞെട്ടിച്ചു. ഇക്കാര്യം ഓരോ മലയാളിയും തിരിച്ചറിയണം. ജനാധിപത്യം വലിയ വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് നിശബ്ദരായിരുന്ന് സമരസപ്പെടാതെ ഓരോ പൗരനും പ്രതിരോധം തീർക്കുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാജ്യം നേരിടുന്ന ഏറ്റവും വെല്ലുവിളി ദേശീയ വിദ്യാഭ്യാസ നയമാണെന്നും ഫാസിസ്റ്റ് ചിന്തകളെ ഒളിച്ചുകടത്താനാണ് ഇതിലൂടെ കേന്ദ്രസർക്കാരും ബിജെപിയും ശ്രമിക്കുന്നതെന്ന് മുൻ വിദ്യാഭ്യാസ മന്ത്രി സി. രവീന്ദ്രനാഥ് പറഞ്ഞു. എന്നാൽ കേരളമതിന് എന്നും ബദലാണ്. സർവകലാശാല-ഗവർണർ പോരിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങളിലൊന്നും ഇതു തന്നെയാണെന്നും അദ്ദേഹം പറഞ്ഞു.

സമിതി ചെയർമാൻ ഡോ.ധർമരാജ് അടാട്ട് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഭാരവാഹികളായ ഡോ. സി. പദ്മനാഭൻ,ഡോ. ബിജുകുമാർ, വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ഭാരവാഹികളായ എം.വി.ശശിധരൻ, ടി.കെ. മീരാഭായ്, എ. നജീബ്,എ.ബിന്ദു, ഡോ.പി.ആർ. പ്രിൻസ്, ഡോ.എ.പ്രേമ, ഹരിലാൽ തുടങ്ങിയവർ പ്രസംഗിച്ചു.

ആർഎസ്എസിനെയും പ്രധാനമന്ത്രിയെയും വിമർശിച്ച് പിണറായി വിജയൻ

തിരുവനന്തപുരം: ഗാന്ധിവധത്തെത്തുടർന്നു നിരോധിക്കപ്പെട്ട ആർഎസ്എസിനും വധഗൂഢാലോചനയിൽ വിചാരണ നേരിട്ട വി. ഡി. സവർക്കർക്കും സ്വാതന്ത്ര്യത്തിന്റെ പിതൃത്വം ചാർത്തിക്കൊടുക്കാനുള്ള ശ്രമം ചരിത്ര നിഷേധമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ബ്രിട്ടീഷുകാർക്ക് പാദസേവ ചെയ്തവരെ മഹത്വവത്കരിക്കാൻ സ്വാതന്ത്ര്യദിനം തെരഞ്ഞെടുത്തത് സ്വാതന്ത്ര്യ സമരത്തെ അപമാനിക്കാനാണ്. ഈ അപഹാസ്യ നടപടികൊണ്ടൊന്നും ആർഎസ്എസിനെപ്പോലെ വിഭജന രാഷ്ട്രീയത്തിന്റെ ചരിത്രമുള്ള വർഗീയ സംഘടനയെ വെള്ളപൂശാനാകില്ല. പ്രധാനമന്ത്രി യുടെ സ്വാതന്ത്ര്യദിന പ്രസംഗം ആർഎസ്എസിനെ മഹത്വപ്പെടുത്താൻ ഉപയോഗിച്ചത് ദിനത്തെ തന്നെ അവഹേളിക്കുന്നതിനു തുല്യമാണ്-പിണറായി വിജയൻ പറഞ്ഞു.

പാക്കിസ്ഥാനിൽ മിന്നൽപ്രളയം: മരണം 327

പെഷവാർ: പാക്കിസ്ഥാനിലെ ഖൈബർ പഖ്തുൺഖ്വ പ്രവിശ്യയിലും പാക് അധിനിവേഷ കാഷ്മീരിലും ഉണ്ടായ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം 327 ആയി. മരിച്ചവരിൽ 13 കുട്ടികളും 15 സ്ത്രീകളും ഉൾപ്പെടുന്നു. 74 വീടുകൾ തകർന്നു. 48 മണിക്കൂറിനിടെയാണ് 307 പേർ മരിച്ചത്. കനത്ത മഴയും മേഘവിസ്ഫോടനവുമാണ് മിന്നൽപ്രളയത്തിനു കാരണമായത്.

ബിഷപ്പിനും വൈദികർക്കും കാറപകടത്തിൽ പരിക്ക്

പാലാ: കഴിഞ്ഞദിവസം അങ്കമാലിയിലുണ്ടായ വാഹനാപകടത്തിൽ ഗ്രേറ്റ് ബ്രിട്ടൻ രൂപത ബിഷപ് മാർ ജോസഫ് സ്രാമ്പിക്കലിനും ഏതാനും വൈദികർക്കും പരിക്കേറ്റു. ബിഷപ്പിന്റെ പരിക്ക് സാരമുള്ളതല്ല. പരിക്കേറ്റ ഫാ. ജീമോൻ പനച്ചിക്കൽകരോട്ട് അടക്കമുള്ള വൈദികർ പാലാ മെഡിസിറ്റി ഹോസ്പിറ്റലിൽ ചികിത്സയിലാണ്. വാഹനത്തിലുണ്ടായിരുന്ന പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പരിക്കില്ലാതെ രക്ഷപ്പെട്ടു.

കണ്ണൂർ ഇരിട്ടി കുന്നോത്ത് മേജർ സെമിനാരിയുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു മടങ്ങുമ്പോഴാണ് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് സ്രാമ്പിക്കൽ, ഇരുപതോളം വൈദികർ എന്നിവർ സഞ്ചരിച്ച ടെമ്പോ ട്രാവലർ അപകടത്തിൽപ്പെട്ടത്. വണ്ടിയുടെ മുൻവശത്തെ ഗ്ലാസ് പൊട്ടിത്തെറിച്ചാണ് മാർ സ്രാമ്പിക്കലിനു പരിക്കേറ്റത്.

ഉറിയടിക്കുള്ള ഉറി തയാറാക്കുന്നതിനിടെ യുവാവ് വീണു മരിച്ചു

മുംബൈ: ശ്രീകൃഷ്ണ ജന്മാഷ്ടമി ആഘോഷങ്ങളുടെ ഭാഗമായി നിർമിച്ച, വെണ്ണ നിറച്ച മൺകുടങ്ങളിലെ ഉറികൾ കൂട്ടിക്കെട്ടിയ കയർ സ്വന്തം വീടിന്റെ ഒന്നാം നിലയിലെ ഗ്രില്ലിൽ കെട്ടുന്നതിനിടെ യുവാവ് വീണു മരിച്ചു. ജഗമോഹൻ ശിവകിരൺ ചൗധരി(32) ആണ് മരിച്ചത്. മഹാരാഷ്ട്ര നഗറിലെ സബർബൻ മൻഖുർദിൽ ഇന്നലെ ഉച്ച കഴിഞ്ഞായിരുന്നു സംഭവം. ആളുകൾ മനുഷ്യ പിരമിഡായി നിന്നുകൊണ്ട് ഇവരിലൊരാൾ ഉറി അടിച്ചുപൊട്ടിക്കുന്നതാണു ദഹി ഹണ്ടി ആഘോഷം.

' അശാസ്ത്രീയതയും അസഹിഷ്ണുതയും നിറഞ്ഞ ഇന്ത്യൻ വിദ്യാഭ്യാസ രംഗം - പ്രതിരോധ മാതൃകകൾ ' എന്ന വിഷയത്തിൽ കേരള വിദ്യാഭ്യാസ സമിതി തിരുവനന്തപുരം എകെജി ഹാളിൽ സംഘടിപ്പിച്ച സെമിനാറിൽ ഗാന്ധിജിയുടെ കൊച്ചുമകന്റെ മകൻ തുഷാർ ഗാന്ധി പ്രഭാഷണം നടത്താൻ എത്തിയപ്പോൾ. മുൻ മന്ത്രി പ്രഫ.സി. രവീന്ദ്രനാഥ് സമീപം . - ദീപിക .

ശബ്ദ ഹിയറിംഗ് എയ്ഡ് സെന്റർ എൽഎൽപി ഹിയറിംഗ് ക്യാമ്പിനു തുടക്കമായി

ചങ്ങനാശേരി: ശബ്ദ ഹിയറിംഗ് എയ്ഡ് സെന്റർ എൽഎൽപിയുടെ ആഭിമുഖ്യത്തിൽ ശബ്ദ ക്ലിനിക്കുകളിൽ കേൾവിക്കുറവ് സംബന്ധിച്ചുള്ള സംശയനിവാരണവും കേൾവി പരിശോധനയും ശ്രവണ സഹായികളുടെ ട്രയലുമായി നടത്തുന്ന ഹിയറിംഗ് ക്യാമ്പിന്റെ ഉദ്ഘാടനം തുരുത്തി മർത്ത്മറിയം ഫൊറോനപള്ളി വികാരി ഫാ. ജേക്കബ് ചീരംവേലിൽ നിർവഹിച്ചു. പ്രഫഷണലുകളായ ഓഡിയോളജിസ്റ്റുകൾ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ക്യാമ്പിന് നേതൃത്വം വഹിക്കുന്നത്.

പുറത്തുകാണാത്ത രീതിയിൽ ചെവിക്കുള്ളിൽ സുരക്ഷിതമായി വയ്ക്കുന്ന ജർമൻ നിർമിത ബ്രാൻഡഡ് ശ്രവണസഹായികൾക്ക് ആകർഷകമായ ഡിസ്കൗണ്ട് ക്യാമ്പിൽ ലഭിക്കും. പഴയ ശ്രവണസഹായികൾക്കും എക്സ്ചേഞ്ചിൽ ഡിസ്കൗണ്ട് ലഭിക്കും.

ബാറ്ററി ശ്രവണ സഹായികൾ മാറ്റി പുതിയ റീചാർജിംഗ് ശ്രവണസഹായികളായി മാറ്റാനും ക്യാമ്പിൽ അവസരമുണ്ട്. 23 വരെ ശബ്ദയുടെ 19 ക്ലിനിക്കുകളിലും ക്യാമ്പ് നടക്കും.

ശബ്ദ ഹിയറിംഗ് എയ്ഡ് സെന്റർ എൽഎൽപിയുടെ കേരളത്തിലെ 19 ക്ലിനിക്കുകളിൽ നടക്കുന്ന ഹിയറിംഗ് ക്യാമ്പിന്റെ ഉദ്ഘാടനം ചങ്ങനാശേരിയിൽ തുരുത്തി മർത്ത്മറിയം ഫൊറോന പള്ളിയിൽ വികാരി ഫാ. ജേക്കബ് ചീരംവേലിൽ നിർവഹിക്കുന്നു.

കർഷകനെ കാട്ടുപന്നി ആക്രമിച്ചു

കോതമംഗലം: നേര്യമംഗലത്തിനു സമീപം നീണ്ടപാറയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കർഷകനു ഗുരുതര പരിക്ക്. നീണ്ടപാറ ബിഎസ്എൻഎൽ എക്സേഞ്ചിന് സമീപം പാലക്കാടൻ ജോണി ലോപ്പസിന് (64)ആണ് പരിക്കേറ്റത്. കഴിഞ്ഞ ദിവസം പുലർച്ചെ 3.30 ഓടെയാണ് സംഭവം. വീടിനോടു ചേർന്ന കൃഷിയിടത്തിൽ വച്ചാണ് ആക്രമിക്കപ്പെട്ടത്. നായയുടെ നിർത്താതെയുള്ള കുര കേട്ട് ടോർച്ചുമായി കപ്പക്കൃഷി ചെയ്തിടത്ത് എത്തിയപ്പോഴാണ് പന്നിക്കൂട്ടത്തെ കണ്ടത്. ഇരുപതിലേറെ കാട്ടുപന്നികൾ ഉണ്ടായിരുന്നതായി ജോണി പറഞ്ഞു.

ഓംകാര അസറ്റ്സ് റീകൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്

OMKARA ASSETS RECONSTRUCTION PVT LTD.

CIN: U67100TZ2014PTC020363
കോർപറേറ്റ് ഓഫീസ്: കൊഹിനൂർ സ്ക്വയർ, 47-ാം നില, എൻ.സി. ഖേൽക്കർ മാർഗ് ആർ.ജി. ഗഡ്കരി ചൗക്ക്, ദാദർ (വെസ്റ്റ്) മുംബൈ-400028
ഇ-മെയിൽ: karthigovindasamy@omkaraarc.com I ഫോൺ: 044-24323033
അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മൊബൈൽ നമ്പർ: +91 93446 84194 / +91 98840 62068/ +91 99623 33307

[അപ്പൻഡിക്സ്-IV-A] [റൂൾ 8 (6) r/w 9(1) ചട്ടങ്ങളും വ്യവസ്ഥകളും കാണുക]

സ്ഥാവര വസ്തു ഇ-ലേലം ചെയ്യുന്നതു സംബന്ധിച്ച പബ്ലിക് നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 ("സർഫേസി നിയമം") ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 ലെ ചട്ടം 8(6), 9(1) എന്നിവയും പ്രകാരം സ്ഥാവര വസ്തു ഇ-ലേലത്തിൽ വിൽക്കുന്നതിനുള്ള നോട്ടീസ്.

സെക്യൂർഡ് ക്രെഡിറ്റർക്ക് പണയപ്പെടുത്തിയിട്ടുള്ളതും/ഈട് നല്കിയിട്ടുള്ളതും ഓംകാര അസറ്റ്സ് റീകൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ (ഒഎആർപിഎൽ) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയിട്ടുള്ളതുമായ താഴെ പരാമർശിച്ചിരിക്കുന്ന സ്ഥാവര വസ്തു ഇ-ലേലത്തിൽ വിൽപന ചെയ്യാൻ തീരുമാനിച്ചതായി വായ്പക്കാരെ, ജാമ്യക്കാരെ, ഈട് നല്കിയിട്ടുള്ളവരെ പ്രത്യേകമായിട്ടും ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. ഇൻഡസ് **ഇൻഡ് ബാങ്ക് ലിമിറ്റഡുമായി (ഐഎബിഎൽ) (അസൈനർ ബാങ്ക്)** 25-06-2021-ാം തീയതി ഉണ്ടാക്കിയ കരാർ പ്രകാരം താഴെപ്പറയുന്ന അക്കൗണ്ടുകളിലെ മുഴുവൻ കിട്ടാക്കടങ്ങളും താഴെപ്പറയുന്ന ഈട് വസ്തുക്കൾക്കൊപ്പം ഓംകാര അസറ്റ്സ് റീകൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് (ഓംകാര PS 06/2021-22 ട്രസ്റ്റിന്റെ ട്രസ്റ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നു) ഏറ്റെടുത്തിട്ടുള്ളതാകുന്നുവെന്നും അറിയിക്കുന്നു. അതുപ്രകാരം അസൈനർ ബാങ്കിന്റെ ചുമതല ഏറ്റെടുക്കുന്ന ഒഎആർപിഎൽ **ഈട് വസ്തുക്കൾ** ഉപയോഗിച്ച് കിട്ടാക്കടം വീണ്ടെടുക്കുന്നതിന് അധികാരപ്പെട്ടിരിക്കുന്നു. ഒഎആർപിഎല്ലിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ താഴെ വിവരിച്ചിട്ടുള്ള ഈട് വസ്തു കൈവശപ്പെടുത്തിയിട്ടുള്ളതാണ്. കിട്ടാക്കടം വീണ്ടെടുക്കുന്നതിനായി താഴെപ്പറയുന്ന ഈട് വസ്തുക്കൾ വില്പന ചെയ്യുന്നതിന് ഒഎആർപിഎല്ലിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തീരുമാനിച്ചിരിക്കുന്നു. സെക്യൂർഡ് ക്രെഡിറ്റൽ എന്ന നിലയിൽ ഒഎആർപിഎല്ലിന് വായ്പക്കാരിൽനിന്നും സഹവായ്പക്കാരിൽനിന്നും ലഭിക്കേണ്ടതായ താഴെ ബന്ധപ്പെട്ട കോളത്തിൽ പരാമർശിച്ചിരിക്കുന്ന തുക വീണ്ടെടുക്കുന്നതിനായി സർഫേസി നിയമത്തിലെ 13(2), (4) വകുപ്പുകൾ പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് "As is where is","As is what is","whatever there is","Without recourse" അടിസ്ഥാനത്തിൽ സ്ഥാവര വസ്തു വില്പന ചെയ്യുന്നതാണ്. വായ്പക്കാർ/ജാമ്യക്കാർ/ഈട് നല്കിയവർ, ഈട് വസ്തു, ഉടമസ്ഥൻ, കിട്ടാക്കടം, വകുപ്പ് 13(2) പ്രകാരം നല്കിയ ഡിമാന്റ് നോട്ടീസ് തീയതി, കൈവശപ്പെടുത്തൽ തീയതി, കരുതൽവില, ലേലം ആവർത്തിക്കുന്ന തുക, നിരതദ്രവ്യം(ഇഎംഡി), വസ്തു പരിശോധിക്കാനുള്ള തീയതിയും സമയവും എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ:

വായ്പക്കാരന്റെ /സഹവായ്പക്കാരന്റെ പേര്	Mr. നബീൽ, Mrs. ആൻസി എൽ.

ഈട് വസ്തുവിന്റെ വിശദാംശങ്ങൾ

Mr. നബീൽ S/o Mr. നസീർ, Mrs. ആൻസി W/o നബീൽ എന്നിവരുടെ പേരിലുള്ള വസ്തു. എസ്ആർഒ നാവായിക്കുളത്ത് 10-10-2015 തീയതിയിലെ 1707/2015 ാം നമ്പർ ഡോക്യുമെന്റ്

സർവേ നമ്പർ 123/22-1 (പഴയ സർവേ നമ്പർ 534/A-3/41) പ്രകാരം തിരുവനന്തപുരം ജില്ല, വർക്കല താലൂക്ക്, കുടവൂർ വില്ലേജിൽ 04.05 ആർസ് സ്ഥലവും അതിലിരിക്കുള്ള 9/125-A നമ്പർ കെട്ടിടവും സകലമായ അവകാശങ്ങളും. നാവായിക്കുളം സബ് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1707/2015 സെറ്റിൽമെന്റ് ഡീഡിൽ കൂടുതൽ